# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*300

19-06-2019 ൽ മറുപടിയ്ക്ക്

## ചെറുകിട നാമമാത്ര നെൽകർഷകർക്ക് പ്രോത്സാഹനം

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
,, എസ്.ശർമ്മ
,, കെ.വി.വിജയദാസ്
,, യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ചെറുകിട നാമമാത്ര നെൽകർഷകരുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകിവരുന്നു. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാന സൗകര്യ വികസനത്തിനു മുൻ തൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യവും നടപ്പിലാക്കി വരുന്നു.<br>ഇതുകൂടാതെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിനു സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br>നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. |

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർസഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ.കെ.വി.വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷികയന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകുന്നു. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയറിന് 600/- രൂപയും പവർ സ്പ്രെയറിന് 3000/- രൂപയും വിന്നോവറിന് 10000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകി വരുന്നു.

RAD-NMSA പ്രകാരം തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി

| | |
|---|---|
| | സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുമുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും, മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.<br>പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന പ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ആവശ്യാധിഷ്ഠിതമായ ഉപയോഗത്തിനും ഈ പദ്ധതി പ്രകാരം ഊന്നൽ നൽകുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകം ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നു. അതിൻപ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു ഹെക്ടറിനു 1000/- രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, കസ്റ്റം ഹയറിങ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500/- രൂപയുടെ ധനസഹായം നൽകി വരുന്നു.<br>2018-19 സാമ്പത്തിക വർഷം പ്രളയാനന്തരം ഉണ്ടായ കൃത്യമായ ഇടപെടലുകൾ മൂലവും പ്രളയം മൂലം കുട്ടനാടൻ മേഖലയിലെ മണ്ണിന്റെ ലവണാംശവും അമ്ലതയും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായതിനാലും മണ്ണിലെ ജൈവീക കാർബണിന്റെയും ജൈവാംശത്തിന്റെയും അളവ് കൂടിയതിനാലും ഉൽപാദനക്ഷമതയിൽ വർദ്ധനവുണ്ടാവുകയും 864143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കുകയും ചെയ്തു. അതിനാൽ, വിസ്തൃതി കുറഞ്ഞിട്ടു പോലും ഉല്പാദനം കൂടുകയാണ് ചെയ്തത്. |
| (ബി) ചെറുകിട നാമമാത്ര കർഷകരുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി വിപണനം നടത്തുന്നതിനായി സംസ്ഥാനത്ത് | (ബി) 2017-18 സാമ്പത്തിക വർഷത്തെ സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾ, സഹകരണ |

| | | | |
|---|---|---|---|
| | റൈസ് മില്ലുകളും പ്രോസസിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ: വിശദാംശം നൽകുമോ: | | സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിയിരുന്നു. അതിൻ പ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസ്സസിങ് യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും നല്കി.<br>2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസസിംങ്ങ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്. ഇതിനുപുറമെ വൻകിട റൈസ് പാർക്കുകൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാനുള്ള നടപടി ആരംഭിച്ചു. |
| (സി) | പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) & (ഡി) | 2017-18 സാമ്പത്തിക വർഷം മുതൽ 'Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ഹെക്ടറിനു 10000/- രൂപയുടെ സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പരമ്പരാഗത നെല്ലിനങ്ങളുടെ വിത്തുകൾ സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന സംഭരിച്ച് കർഷകർക്ക് പുനർകൃഷിക്കായി ലഭ്യമാക്കി വരുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ ടി പദ്ധതി പ്രകാരം കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. പാടശേഖരസമിതികൾ മുഖേനയും കർഷക കൂട്ടായ്മ വഴിയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടില്ല. |
| (ഡി) | ഇതിനായി ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**